ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:04.06.2024

## പ്രധാനവാർത്തകൾ

1). **ലോക്സഭാ തിരഞ്ഞെടുപ്പിൽ 291 സീറ്റുകളിൽ മുന്നേറ്റം കാഴ്ചവച്ച് N.D.A കേവല ഭൂരിപക്ഷത്തിലേക്ക്. 233 സീറ്റുകളിൽ I.ND.I.A സഖ്യം മുന്നേറുന്നു.**

2). **കേരളത്തിൽ 18 സീറ്റുകളിൽ യുഡിഎഫ് വിജയത്തിലേക്ക്. തൃശൂരിൽ വിജയം നേടി ബിജെപി. ആലത്തൂരിൽ എൽഡിഎഫ് ജയമുറപ്പിച്ചു. ആറ്റിങ്ങലിൽ റീകൗണ്ടിങ്ങ് ആവശ്യപ്പെട്ട് സിപിഐഎം.**

3). **ലക്ഷദ്വീപിൽ കോൺഗ്രസ് വിജയത്തിലേക്ക്. തമിഴ്നാട്ടിൽ ഡിഎംകെ- കോൺഗ്രസ് സഖ്യത്തിന് ഉജ്വല നേട്ടം. ഉത്തർപ്രദേശിൽ ഇഞ്ചോടിഞ്ച് പോരാട്ടം കാഴ്ച വച്ച് രാഷ്ട്രീയ പാർട്ടികൾ.**

4). **മധ്യപ്രദേശിലും, ഹിമാചലിലും, ഡൽഹിയിലും ബിജെപി തരംഗം. പശ്ചിമബംഗാളിൽ തൃണമൂലിന് മേൽക്കൈ.**

5). **ആന്ധ്രാപ്രദേശ്, ഒഡീഷ നിയമസഭാ തിരഞ്ഞെടുപ്പിൽ ഭരണകക്ഷികൾ കനത്ത പരാജയം. ഒഡീഷയിൽ ബിജെപി വിജയം നേടി. ആന്ധ്രയിൽ ടി.ഡി.പി- ബിജെപി സഖ്യം അധികാരത്തിലേക്ക്.**

RNU TVPM

*****************************************************************************************

## ഇന്ത്യ - തിരഞ്ഞെടുപ്പ്

ലോക്സഭാ തിരഞ്ഞെടുപ്പിൽ **291** സീറ്റുകളിൽ മുന്നേറ്റം കാഴ്ചവച്ച് N.D.A കേവല ഭൂരിപക്ഷത്തിലേക്ക്. **233**-സീറ്റുകളിൽ വിജയം ഉറപ്പിച്ച് INDIA സഖ്യം ശക്തമായ പോരാട്ടം കാഴ്ച വച്ചു. ബിജെപി 241 സീറ്റുകളിലും കോൺഗ്രസ് 99 സീറ്റുകളിലും മുന്നിലാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി വാരാണസിയിൽ ഒന്നരലക്ഷത്തിലധികം വോട്ടുകൾക്ക് വിജയിച്ചു . കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി വയനാട്ടിലും റായ്ബറേലിയിലും മൂന്നര ലക്ഷത്തിലധികം വോട്ടുകൾക്ക് മുന്നിലാണ്. കേരളത്തിൽ 18 സീറ്റുകളിൽ യുഡിഎഫും, ഒരിടത്ത് എൽഡിഎഫും, ഒരിടത്ത് എൻഡിഎയും വിജയമുറപ്പിച്ചു. ശക്തമായ പോരാട്ടം നടന്ന തിരുവനന്തപുരം, വടകര മണ്ഡലങ്ങളിൽ ഉൾപ്പെടെ വിജയം ഉറപ്പിച്ചാണ് കോൺഗ്രസ് കേരളത്തിൽ ആവേശകരമായ പ്രകടനം കാഴ്ച വച്ചത്. സുരേഷ്ഗോപിയിലൂടെ തൃശൂരിൽ അത്യുജ്വല വിജയം നേടി ബിജെപി, പാർലമെൻറ് തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് ആദ്യത്തെ അക്കൗണ്ട് തുറന്നു. ആലത്തൂർ മണ്ഡലത്തിൽ മാത്രമാണ് ഭരണമുന്നണിയായ എൽ.ഡി.എഫിന് വിജയിക്കാനായത്.

**********************************************************************************************

## തിരുവനന്തപുരം - (ഇൻട്രോ)

ശക്തമായ രാഷ്ട്രീയ പോരാട്ടം നടന്ന തിരുവനന്തപുരം മണ്ഡലത്തിൽ, അവസാനം വരെ നിറഞ്ഞു നിന്ന ആകാംഷയ്ക്കൊടുവിലാണ് കോൺഗ്രസ് സ്ഥാനാർത്ഥി ശശി തരൂർ വിജയം ഉറപ്പിച്ചത്. ആറ്റിങ്ങൽ മണ്ഡലത്തിലും മാറിമറഞ്ഞ ലീഡ് നില ഒടുവിൽ യുഡിഎഫ് സ്ഥാനാർത്ഥിക്ക് അനുകൂലമാവുകയായിരുന്നു. തിരുവനന്തപുരം ജില്ലയിൽ നിന്നും

RNU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രജു കോലിയക്കോട്. രെജു, തിരുവനന്തപുരത്തെയും, ആറ്റിങ്ങലിലെയും ഫലത്തെ രാഷ്ട്രീയ പാർട്ടികൾ എങ്ങനെയാണ് നോക്കിക്കാണുന്നത്?

******************************************************************************************

**<u>കേരളം - തിരഞ്ഞെടുപ്പ്</u>**

കൊല്ലത്ത് യുഡിഎഫ് സ്ഥാനാർത്ഥിയും, RSP നേതാവുമായ എൻ.കെ. പ്രേമചന്ദ്രൻ ഒന്നരലക്ഷത്തിനടുത്ത് വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് എൽഡിഎഫ് സ്ഥാനാർത്ഥിയും, സിറ്റിങ്ങ് എംഎൽഎയുമായ എം.മുകേഷിനെതിരെ മുന്നേറുന്നത്. മാവേലിക്കരയിൽ ഭൂരിപക്ഷം ഇടയ്ക്ക് മാറിമറിഞ്ഞെങ്കിലും കോൺഗ്രസ് സ്ഥാനാർത്ഥി കൊടിക്കുന്നിൽ സുരേഷ് ഇപ്പോൾ ഒൻപതിനായിരത്തിലേറെ വോട്ടുകൾക്ക് സിപിഐ സ്ഥാനാർത്ഥി അരുൺ കുമാറിനേക്കാൾ മുന്നിലാണ്. പത്തനംതിട്ട മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി ആൻറോ ആൻറണി, എൽഡിഎഫ് സ്ഥാനാർത്ഥി തോമസ് ഐസക്കിനേക്കാൾ 66,000 ലേറെ വോട്ടിന് മുന്നിലാണ്. ബിജെപി സ്ഥാനാർത്ഥി അനിൽ ആൻറണി മണ്ഡലത്തിൽ മൂന്നാം സ്ഥാനത്താണ്. ആലപ്പുഴ മണ്ഡലം എൽഎഫിൽ നിന്നും യുഡിഎഫ് തിരിച്ചു പിടിച്ചു. കോൺഗ്രസ് സ്ഥാനാർത്ഥി കെ.സി വേണുഗോപാൽ 63,000-ലേറെ വോട്ടിന് സിറ്റിങ് എപി എ.എം ആരിഫിനെ പരാജയപ്പെടുത്തി. ബിജെപി സ്ഥാനാർത്ഥി ശോഭാ സുരേന്ദ്രൻ മണ്ഡലത്തിൽ മൂന്നാം സ്ഥാനത്താണ്.

കോട്ടയത്ത് യുഡിഎഫ് സ്ഥാനാർത്ഥി ഫ്രാൻസിസ് ജോർജ്, എൽഡിഎഫ് സ്ഥാനാർത്ഥിയും സിറ്റിങ്ങ് എംപിയുമായ തോമസ്

RNU TVPM

ചാഴിക്കാടനതിരെ 87,000 ത്തോളം വോട്ടിന് മുന്നിലാണ്. എറണാകുളത്ത് കോൺഗ്രസ് സ്ഥാനാർത്ഥി ഹൈബി ഈഡൻ രണ്ടര ലക്ഷത്തിലേറെ വോട്ടിൻറെ ഭൂരിപക്ഷത്തിൽ വിജയം നേടി. 2019 ൽ 1.69 ലക്ഷമായിരുന്നു ഹൈബി ഈഡൻറെ ഭൂരിപക്ഷം. ചാലക്കുടിയിൽ യു.ഡി.എഫ് സ്ഥാനാർത്ഥിയും സിറ്റിംഗ് എംപിയുമായ ബെന്നി ബെഹനാൻ 63,000 ത്തിലേറെ വോട്ടിന് എൽ.ഡി.എഫ് സ്ഥാനാർത്ഥി സി.രവീന്ദ്രനാഥിനേക്കാൾ മുന്നിലാണ്.

*******************************************************************************************

**<u>പാലക്കാട് ഇൻട്രോ</u>**

ആലത്തൂർ മണ്ഡലത്തിൽ സിപിഐഎം സ്ഥാനാർത്ഥിയും സംസ്ഥാന മന്ത്രിയുമായ കെ.രാധാകൃഷ്ണൻ 19,000 ലേറെ വോട്ടുകൾക്ക് യുഡിഎഫ് സ്ഥാനാർത്ഥിയും സിറ്റിങ്ങ് എംപിയുമായ രമ്യ ഹരിദാസിനെതിരെ മുന്നേറുന്നു. പാലക്കാട് യുഡിഎഫ് സ്ഥാനാർത്ഥിയും സിറ്റിങ്ങ് എംപിയുമായ വി.കെ ശ്രീകണ്ഠൻ, എൽഡിഎഫ് സ്ഥാനാർത്ഥി എ വിജയരാഘവനെതിരെ 75,000 ലേറെ വോട്ടുകൾക്ക് മുന്നിലാണ്. മണ്ഡലങ്ങളിൽ നിന്നുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.

RNU TVPM

*******************************************************************************************

**<u>തൃശൂർ - ഇൻട്രോ</u>**

സുരേഷ് ഗോപിയുടെ വിജയത്തിലൂടെ, കേരളത്തിൻറെ രാഷ്ട്രീയ ചരിത്രത്തിലെ ആദ്യ പാർലമെൻറ് സീറ്റ് ഉറപ്പിച്ചിരിക്കുകയാണ് ബിജെപി. 74,000-ത്തിലേറെ വോട്ടുകളുടെ ഭൂരിപക്ഷമാണ് സുരേഷ് ഗോപി നേടിയത്. മണ്ഡലത്തിൽ എൽഡിഎഫ് രണ്ടാം സ്ഥാനത്തും, കോൺഗ്രസ് മൂന്നാം സ്ഥാനത്തുമാണ്.

തൃശൂരിൽ നിന്നുള്ള കൂടുതൽ വിശേഷങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ്..

ഭരിത, കേരളത്തിൻറെ മാറിവരുന്ന രാഷ്ട്രീയ ചിത്രത്തിൻറെ സാക്ഷ്യപത്രമായി മാറുകയാണോ ബിജെപിയുടെ തൃശൂരിലെ വിജയം?

*****************************************************************************************

**<u>മലപ്പുറം ഇൻട്രോ</u>**

ലീഗ് കോട്ടയായി അറിയപ്പെടുന്ന മലപ്പുറം, പൊന്നാനി മണ്ഡലങ്ങൾ മുസ്ലീം ലീഗ് ഇക്കുറിയും നിലനിർത്തി. മലപ്പുറത്ത് ലീഗ് സ്ഥാനാർത്ഥി ഇ.റ്റി മുഹമ്മദ് ബഷീർ മൂന്ന് ലക്ഷത്തിലേറെ വോട്ടിനും, പൊന്നാനിയിൽ ലീഗ് സ്ഥാനാർത്ഥി അബ്ദുൾ സമദ് സമദാനി 2.35 ലക്ഷത്തിലേറെ വോട്ടിനും മുന്നിലാണ്. മണ്ഡലങ്ങളിൽ നിന്നുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം പ്രതിനിധി സുരേഷ് ബാബു...

RNU TVPM

*****************************************************************************************

**<u>മലബാർ</u>**

കോഴിക്കോട് സിപിഐഎമ്മിൻറെ എളമരം കരീമിന് എതിരെ കോൺഗ്രസിൻറെ സിറ്റിംഗ് എംപി എം.കെ രാഘവൻ <u>ഒരു ലക്ഷത്തി 46,000-ത്തിലധികം</u> വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. ബിജെപി സ്ഥാനാർത്ഥി എംടി രമേശ് മണ്ഡലത്തിൽ മൂന്നാം സ്ഥാനത്താണ്. രാഷ്ട്രീയ കേരളം ഉറ്റുനോക്കിയ വടകര മണ്ഡലത്തിൽ, യുഡിഎഫ് സ്ഥാനാർത്ഥി ഷാഫി പറമ്പിൽ, എൽഡിഎഫ് സ്ഥാനാർത്ഥിയും മുൻ മന്ത്രിയുമായ കെ.കെ ശൈലജയ്ക്കെതിരെ ഒരു ലക്ഷത്തി 15,000-ത്തിലധികം വോട്ടുകൾക്ക് മുന്നിലാണ്.

വയനാട് കോൺഗ്രസ് സ്ഥാനാർത്ഥി രാഹുൽ ഗാന്ധി മൂന്ന് ലക്ഷത്തി 64,000-ത്തിലധികം വോട്ടുകൾക്ക് ലീഡ് ചെയ്യുന്നു. 2019 ൽ 4.31 ലക്ഷം വോട്ടുകൾക്കാണ് വയനാട്ടിൽ രാഹുൽഗാന്ധി വിജയിച്ചത്. സിപിഐ സ്ഥാനാർത്ഥി ആനി രാജയും എൻഡിഎ സ്ഥാനാർത്ഥിയും ബിജെപി സംസ്ഥാന അധ്യക്ഷനുമായ കെ. സുരേന്ദ്രനും രണ്ടും മൂന്നും സ്ഥാനങ്ങളിലാണ്. കണ്ണൂരിൽ കോൺഗ്രസ് സംസ്ഥാന അധ്യക്ഷനും യുഡിഎഫ് സ്ഥാനാർത്ഥിയുമായ കെ സുധാകരൻ സിപിഐഎം സ്ഥാനാർത്ഥി എം.വി ജയരാജനെതിരെ ഒരു ലക്ഷത്തിലേറെ വോട്ടുകൾക്ക് മുന്നിലാണ്. കാസർഗോഡ് മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർത്ഥിയും സിറ്റിംഗ് എംപിയുമായ രാജ് മോഹൻ ഉണ്ണിത്താൻ 84,000 ലധികം വോട്ടുകൾക്ക് എൽഡിഎഫിൻറെ എം വി ബാലകൃഷ്ണനേക്കാൾ മുന്നിലാണ്.

RNU TVPM

******************************************************************************************

<u>**ലക്ഷദ്വീപ്**</u>

ലക്ഷദ്വീപിൽ കോൺഗ്രസ് സ്ഥാനാർത്ഥി മുഹമ്മദ് ഹംദുള്ള സെയ്ദ് 2,600 ലേറെ വോട്ടുകൾക്ക് സിറ്റിംഗ് എംപിയും എൻസിപി ശരത് പവാർ പക്ഷ നേതാവുമായ പി.പി അബ്ദുൾ ഫൈസലിനെ പരാജയപ്പെടുത്തി.

******************************************************************************************

<u>**ദക്ഷിണേന്ത്യ - വോട്ടെണ്ണൽ**</u>

തമിഴ്നാട്ടിൽ 39 ലോക്സഭാ സീറ്റുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഡിഎംകെ- കോൺഗ്രസ് സഖ്യം എല്ലാ സീറ്റുകളിലും വിജയം ഉറപ്പിച്ചു. DMK 22 സീറ്റുകളിലും കോൺഗ്രസ് 9 സീറ്റുകളിലും മുന്നിലാണ്. CPIM - ഉം CPI-ഉം

വി.സി കെയും 2 സീറ്റുകളിൽ വീതം ലീഡ് ചെയ്യുന്നു. എംഡിഎംകെ യും, മുസ്ലീം ലീഗും ഓരോ സീറ്റുകളിൽ മുന്നിലാണ്. കർണാടകയിലെ 28 ലോക്സഭാ സീറ്റുകളിൽ 17 ഇടത്ത് BJP യും 9 മണ്ഡലങ്ങളിൽ കോൺഗ്രസും വിജയം ഉറപ്പിച്ചു. JDS 2 സീറ്റുകളിലാണ് മുന്നിൽ. ആന്ധ്രാപ്രദേശിലെ 25 മണ്ഡലങ്ങളിൽ TDP 16 സീറ്റുകളിൽ മുന്നിലാണ്. സഖ്യകക്ഷിയായ ബിജെപി 3 മണ്ഡലങ്ങളിലും, ഭരണകക്ഷിയായ YSR കോൺഗ്രസ് 4 മണ്ഡലങ്ങളിലും ലീഡ് ചെയ്യുന്നു. തെലങ്കാനയിലെ 17 ലോക്സഭ മണ്ഡലങ്ങളിൽ ബി ജെ പിയും കോൺഗ്രസും 8 വീതം സീറ്റുകളിൽ മുന്നിലാണ്. ഹൈദരാബാദിൽ AIMIM വിജയത്തിലേക്കടുക്കുകയാണ്. ഗോവയിലെ രണ്ട് മണ്ഡലങ്ങളിൽ ബിജെപിയും കോൺഗ്രസും ഓരോ സീറ്റുകളിൽ ലീഡ് ചെയ്യുന്നു.

**********************************************************************************************

<u>**ഇന്ത്യ സംസ്ഥാനങ്ങൾ**</u>

80 മണ്ഡലങ്ങളുള്ള ഉത്തർപ്രദേശിൽ 38 ഇടത്ത് സമാജ്‌വാദി പാർട്ടിയും 31 ഇടത്ത് ബി ജെ പി യും ഏഴിടത്ത് കോൺഗ്രസും വിജയം ഉറപ്പിച്ചു. ഒഡിഷയിലെ 21 മണ്ഡലങ്ങളിൽ 19 ഇടത്ത് ബിജെപിയും ഒരിടത്ത് ബിജെഡിയും ഒരിടത്ത് കോൺഗ്രസും മുന്നിലാണ്. 29 മണ്ഡലങ്ങളുള്ള മധ്യപ്രദേശിലും, നാല് സീറ്റുകളുള്ള ഹിമാചൽ പ്രദേശിലും എല്ലാ മണ്ഡലങ്ങളിലും ബിജെപിയാണ് മുന്നിൽ. ഡൽഹിയിൽ ഏഴ് സീറ്റിലും ബിജെപി വിജയം ഉറപ്പിച്ചു. ഹരിയാനയിൽ അഞ്ചു വീതം സീറ്റുകളിൽ ബിജെപിയും കോൺഗ്രസും മുന്നിട്ടു നിൽക്കുകയാണ്. 48 മണ്ഡലങ്ങളുള്ള മഹാരാഷ്ട്രയിൽ 12 ഇടത്ത് കോൺഗ്രസ്, 11 ഇടത്ത് ബിജെപി, 10 ഇടത്ത് ശിവസേന- ഉദ്ദവ് താക്കറെ

PNU TVPM

വിഭാഗം, 6 ഇടത്ത് ശിവസേന ഏക്നാഥ് ഷിൻഡെ വിഭാഗം, ഏഴിടത്ത് എൻ സി പി- എസ്.പി വിഭാഗം എന്നിങ്ങനെ ലീഡ് ചെയ്യുന്നു. രാജസ്ഥാനിലെ 25 മണ്ഡലങ്ങളിൽ 14 ഇടത്ത് ബിജെപിയും 8 ഇടത്ത് കോൺഗ്രസും ഒരിടത്ത് സി പി ഐ എം-ഉം ലീഡ് ചെയ്യുന്നു. ഗുജറാത്തിലെ 26 മണ്ഡലങ്ങളിൽ 25 ഇടത്ത് ബിജെപിയും ഒരിടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. പഞ്ചാബിലെ 13 മണ്ഡലങ്ങളിൽ 7 ഇടത്ത് കോൺഗ്രസും 3 ഇടത്ത് ആം ആദ്മിയും ഒരിടത്ത് ശിരോമണി അകാലിദളും ലീഡ് ചെയ്യുന്നു. പശ്ചിമബംഗാളിൽ 29 സീറ്റിൽ തൃണമൂലും 12 സീറ്റിൽ ബിജെപിയും ഒരു സീറ്റിൽ കോൺഗ്രസും വിജയം ഉറപ്പിച്ചു. ജമ്മു കശ്മീരിലെ 5 സീറ്റുകളിൽ 2 ഇടത്ത് ബി ജെ പി മുന്നിലാണ്. ജമ്മു കശ്മീർ National Conference 2 മണ്ഡലങ്ങളിലും മറ്റുള്ളവർ ഒരു സീറ്റിലും ലീഡ് ചെയ്യുന്നു. ചണ്ഡിഗഢിലെ ഒരു സീറ്റിൽ കോൺഗ്രസാണ് ലീഡ് ചെയ്യുന്നത്. ആൻഡമാൻ നിക്കോബാർ ദ്വീപിലെ ഒരു സീറ്റിൽ ബി ജെ പി ലീഡ് ചെയ്യുന്നു. ദാദ്ര നാഗർഹവേലി-ദാമൻ ആൻഡ് ദിയു യിലെ രണ്ട് മണ്ഡലങ്ങളിൽ 1 ഇടത്ത് ബിജെപിയും 1 ഇടത്ത് സ്വതന്ത്ര സ്ഥാനാർത്ഥിയും മുന്നേറുന്നു.

RNU TVPM

*****************************************************************************************

**<u>പ്രമുഖർ</u>**

എൻ ഡി എ സ്ഥാനാർഥികളും കേന്ദ്രമന്ത്രിമാരുമായ അമിത് ഷാ , പാർഷോത്തം രൂപാല , മൻസുഖ് മാണ്ഡവ്യ എന്നിവർ ഗുജറാത്തിലെ വിവിധ മണ്ഡലങ്ങളിലും അനുരാഗ് സിംഗ് താക്കൂർ ഹിമാചൽ പ്രേദേശിലും വിജയമുറപ്പിച്ചു. ഹരിയാന മുൻ മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടർ കർണാൽ മണ്ഡലത്തിൽ

മുന്നേറുകയാണ്. ആന്ധ്രാപ്രദേശിലെ കടപ്പ മണ്ഡലത്തിൽ കോൺഗ്രസിന്റെ ശർമിള റെഡ്ഡി പിന്നിലാണ് .ബിഹാറിലെ പട്ന സാഹിബിൽ ബി ജെ പി യുടെ രവിശങ്കർ പ്രസാദും കതിഹാർ മണ്ഡലത്തിൽ കോൺഗ്രസിന്റെ താരിക് അൻവറും മുന്നിലാണ് .കർണാടകയിലെ മാണ്ഡ്യ യിൽ നിന്ന് ജെ ഡി എസ് സ്ഥാനാർഥി എച്ച് ഡി കുമാരസ്വാമിയും ധാർവാഡിൽ നിന്ന് പ്രൽഹാദ് ജോഷിയും വിജയിച്ചു. പശ്ചിമ ബംഗാളിലെ കൃഷ്ണനഗറിൽ തൃണമൂലിൻറെ മഹുവ മൊയ്ത്ര, ഡയമണ്ട് ഹാർബറിൽ അഭിഷേക് ബാനർജി, ബെർഹാംപൂരിൽ യുസഫ് പഥാൻ എന്നിവർ മുന്നിലാണ്. ബെർഹാംപൂരിൽ സംസ്ഥാനത്തെ മുതിർന്ന കോൺഗ്രസ്സ് നേതാവ് അധിർ രജ്ഞൻ ചൗധരിയും ബർധമാൻ-ദുർഗാപൂരിൽ ബി ജെ പി യുടെ ദിലീപ് ഘോഷും പിന്നിലാണ്. രാജ്യ തലസ്ഥാനത്തെ നോർത്ത് ഈസ്റ്റ് ഡൽഹി മണ്ഡലത്തിൽ ബി ജെ പി യുടെ മനോജ് തിവാരി മുന്നിലാണ്. ന്യൂ ദൽഹി മണ്ഡലത്തിൽ ബി ജെ പി സ്ഥാനാർത്ഥിയും മുൻ കേന്ദ്രമന്ത്രി സുഷമ സ്വരാജിന്റെ മകളുമായ ബൻസുരി സ്വരാജ് ലീഡ് ചെയ്യുന്നു. ചണ്ഡിഗഢിൽ കോൺഗ്രസ്സ് സ്ഥാനാർഥി മനീഷ് തിവാരി മുന്നിലാണ്. ജമ്മു കശ്മീരിലെ ഉധംപൂരിൽ ബി ജെ പി സ്ഥാനാർഥി ജിതേന്ദ്ര സിങ്, അനന്ത്നാഗ്- രജൗരിയിൽ ജമ്മു കശ്മീർ നാഷണൽ കോൺഫറൻസ് സ്ഥാനാർഥി മിയാൻ അൽതാഫ് അഹമ്മദ് എന്നിവർ മുന്നിലാണ്. ബാരാമുള്ളയിൽ നാഷണൽ കോൺഫറൻസ് നേതാവ് ഒമർ അബ്ദുള്ള പിന്നിലാണ്. ഒഡീഷയിൽ കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാനും രാജസ്ഥാനിൽ ലോക്സഭ സ്പീക്കർ ഓം ബിർളയും ഉത്തർപ്രദേശിൽ കേന്ദ്രമന്ത്രി രാജ്നാഥ് സിങ്ങും മുന്നിലാണ്. അമേഠിയിൽ കേന്ദ്രമന്ത്രി സ്മൃതി ഇറാനി പിന്നിലാണ്. എസ് പി അധ്യക്ഷൻ

RNUTVPM

അഖിലേഷ് യാദവ് കനൗജിൽ ലീഡ് ചെയ്യുന്നു. തമിഴ്നാട്ടിൽ ഡി എം കെ സ്ഥാനാർത്ഥികളായ കനിമൊഴിയും ദയാനിധി മാരനും മുന്നിലാണ്. നീലഗിരിയിൽ കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ പിന്നിലാണ്. ശിവഗംഗയിൽ കോൺഗ്രസിന്റെ കാർത്തി ചിദംബരം ലീഡ് ചെയ്യുന്നു. MDMK സ്ഥാനാർത്ഥി ദുരൈ വൈക്കോ തിരുച്ചിറപ്പള്ളിയിൽ ലീഡ് ചെയ്യുന്നു. മഹാരാഷ്ട്രയിലെ നാഗ്പൂരിൽ ബി ജെ പി നേതാവ് നിതിൻ ഗഡ്കരി, മുംബൈ നോർത്തിൽ പിയൂഷ് ഗോയൽ എന്നിവർ ലീഡ് ചെയ്യുന്നു. രണ്ട് വിഭാഗം എൻ സി പി കൾ തമ്മിൽ മത്സരിച്ച ബാരാമതിയിൽ എൻ സി പി ശരദ് പവാർ പക്ഷത്തിന്റെ സുപ്രിയ സുലെ മുന്നിട്ട് നിൽക്കുന്നു.

***************************************************************************************************

**<u>ആന്ധ്രാപ്രദേശ്, ഒഡിഷ</u>**

ആന്ധ്രാപ്രദേശ്, ഒഡീഷ നിയമസഭാ തിരഞ്ഞെടുപ്പിൽ ഭരണകക്ഷികൾ കനത്ത പരാജയം ഏറ്റുവാങ്ങി. ആന്ധ്രാപ്രദേശിൽ ഭരണകക്ഷിയായ YSR കോൺഗ്രസിനെ, TDP-BJP- JSP സഖ്യം പരാജയപ്പെടുത്തുകയായിരുന്നു. 175 സീറ്റുകളിൽ 136 ഇടത്ത് തെലുഗ് ദേശം പാർട്ടിയും, 8 ഇടത്ത് ബിജെപിയും 21 സീറ്റിൽ ജെ.എസ്.പിയും വിജയമുറപ്പിച്ചു. ഭരണകക്ഷിയായ YSR കോൺഗ്രസിന് 10 സീറ്റിൽ മാത്രമാണ് വിജയിക്കാനായത്.

ഒഡീഷയിൽ രണ്ട് ദശാബ്ദങ്ങൾ പിന്നിട്ട ബിജെഡി ഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ടാണ് ബിജെപി സംസ്ഥാനത്ത് ഭൂരിപക്ഷം നേടിയത്. 147 നിയമസഭാ മണ്ഡലങ്ങളിൽ 80 സീറ്റുകളിൽ ബി ജെ പിയാണ് മുന്നിൽ. ഭരണകക്ഷിയായ ബിജു ജനതാദൾ 49 ഇടങ്ങളിലും കോൺഗ്രസ് 14 മണ്ഡലങ്ങളിലും ലീഡ്

RNU TVPM

ചെയ്യുന്നു. 24 വർഷമായി ഒഡീഷയിൽ മുഖ്യമന്ത്രിയായി തുടരുന്ന ബിജെഡി നേതാവ് നവീൻ പട്നായിക് ഹിഞ്ചിലി മണ്ഡലത്തിൽ മുന്നിലാണ്.

**********************************************************************************************

**<u>മല്ലികാർജ്ജുൻ ഖർഗെ</u>**

ലോക് സഭാ തിരഞ്ഞെടുപ്പിൽ ഐ എൻ ഡി ഐ എ മുന്നണി കാഴ്ച വച്ച പ്രകടനം ജനങ്ങളുടെ ജയമെന്ന് കോൺഗ്രസ്സ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖർഗെ. ന്യൂ ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോൺഗ്രസിന്റെ പ്രചാരണം ഫലപ്രദമായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. തന്നെ വിജയിപ്പിച്ച വയനാട്ടിലെയും റായ്ബറേലിയിലെയും ജനങ്ങളോട് രാഹുൽ ഗാന്ധി നന്ദി പറഞ്ഞു. ഏത് സീറ്റ് നിലനിർത്തണമെന്നത് പിന്നീട് തീരുമാനിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

**********************************************************************************************

**<u>കെ. സുരേന്ദ്രൻ - പ്രതികരണം</u>**

RNU TVPM

സംസ്ഥാനത്ത് ആദ്യമായി എൻ ഡി എ സ്ഥാനാർഥി വൻ വിജയം നേടിയതിൽ അഭിമാനമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. തൃശ്ശൂരിലെ വിജയം ഒരു വലിയ മാറ്റത്തിന്റെ തുടക്കമാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് ബാക്കി 19 മണ്ഡലങ്ങളിലും എൻ ഡി എ യുടെ വോട്ടു നിലയിൽ വൻ പുരോഗതിയുണ്ടായതായും ശ്രീ കെ സുരേന്ദ്രൻ പ്രതികരിച്ചു.

**********************************************************************************************

**<u>എം.വി ഗോവിന്ദൻ</u>**

ജനങ്ങളാണ് എല്ലാത്തിന്റെയും അവസാന വാക്കെന്നും അത് അംഗീകരിക്കുന്നതായും സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സംസ്ഥാനത്ത് സർക്കാരിന് എതിരായ വികാരം ഇല്ലാ എന്നും, എങ്കിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*****************************************************************************************

***********************************************

************

RNU TVPM